പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 470 **13-10-2026-ൽ മറുപടിയ്ക്ക്**

പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പ്രസാദ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ ജില്ലയിലെ കയർ സംഘങ്ങൾക്ക് പി പി എസ് (പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ) ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച് വ്യക്തമാക്കാമോ;

മറുപടി: പി.പി.എസ്.എസ് പ്രവർത്തന ഫണ്ടിനത്തിൽ ഈ സാമ്പത്തിക വർഷം 21.12 കോടി രൂപ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കയർ കോർപ്പറേഷൻ നിലവിൽ 26 കോടി രൂപയാണ് സംഘങ്ങൾക്ക് ടി പദ്ധതി ഇനത്തിൽ നൽകുവാനുള്ളത്.

(ബി) ചേർത്തല താലൂക്കിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം പണം നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

മറുപടി: ചേർത്തല താലൂക്കിലെ 42 സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം തുക നൽകുവാനുണ്ട്.

(സി) ചേർത്തല താലൂക്കിൽ ആകെ എത്ര തുകയാണ് ഈ ഇനത്തിൽ നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

മറുപടി: ചേർത്തല താലൂക്കിൽ ആകെ 23 കോടി രൂപയാണ് ഈ ഇനത്തിൽ നൽകുവാനുള്ളത്.

(ഡി) പ്രസ്തുത തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പി.പി.എസ്.എസ് പ്രവർത്തന ഫണ്ടിനത്തിൽ ഈ സാമ്പത്തിക വർഷം 21.12 കോടി രൂപ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കയറുൽപ്പന്നങ്ങൾ വാങ്ങിയ വകയിൽ ഈ സാമ്പത്തിക വർഷം 55.29 കോടി രൂപ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. MGNREGS / VB-G RAM G പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്ത വകയിൽ കയർ കോർപ്പറേഷന് 58 കോടി രൂപ ലഭിക്കാനുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി കയർ കോർപ്പറേഷൻ പദ്ധതി ഡയറക്ടറേറ്റുമായി തുടർച്ചയായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ തുക ലഭ്യമാകുന്ന മുറയ്ക്ക് സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുക പൂർണ്ണമായി വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ